"കുടിവെള്ള ചൂഷണം തടയുന്നതിന് നടപടി"

57 [1743] ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. കെ. പി. മോഹനൻ:
" സി. കെ. നാണു:
" എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏറ്റവും വരൾച്ച ബാധിത പ്രദേശമായ പാലക്കാട് ജില്ലയിൽ കൊക്കകോളക്കും പെപ്സികോളക്കും മിനറൽ വാട്ടറിനും മറ്റ് ശീതള പാനീയങ്ങൾക്കും കൂടി എത്ര ലിറ്റർ വെള്ളം ഒരു ദിവസം ശേഖരിക്കുന്നുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ;

(സി) ഈ കമ്പനികളുമായി ബന്ധപ്പെട്ട് കോടതിയിലുള്ള കേസുകളിലോ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നിയോഗിച്ച കമ്മിറ്റികളിലോ ഈ വരൾച്ചയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ജില്ലയിലെ ജനങ്ങളെ മുഴുവൻ ഗൗരവതരമായി ബാധിക്കുന്ന കൊടിയ വരൾച്ച അനുഭവപ്പെടുമ്പോൾ കുടിവെള്ളം ചൂഷണം ചെയ്യുന്ന പ്രസ്തുത നടപടി നിരോധിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊക്കകോള കമ്പനി ശേഖരിക്കുന്ന വെള്ളത്തിനെക്കുറിച്ച് വകുപ്പ് പഠനം നടത്തിയിട്ടുണ്ട്. പെപ്സികോളക്കും മിനറൽ വാട്ടറിനും മറ്റ് ശീതളപാനീയ ങ്ങൾക്കും കൂടി എത്ര ലിറ്റർ വെള്ളം ഒരു ദിവസം ശേഖരിക്കുന്നുണ്ടെന്ന് വകുപ്പ് വിലയിരുത്തിയിട്ടില്ല.

(ബി) കൊക്കകോള ഫാക്ടറി പ്രതിദിനം 5 ലക്ഷം ലിറ്റർ ജലമാണ് ഉപയോഗിക്കുന്നത്. ഇത് മൂന്ന് ലക്ഷം ലിറ്റർ ആയി കുറയ്ക്കുന്നതിന് വകുപ്പ് ശിപാർശ ചെയ്തിട്ടുണ്ട്.

(സി) ബഹു. ഹൈക്കോടതിയുടെ 19-1-2003-ലെ ഡബ്ല്യു. എ. 2125/03 നമ്പരിലുള്ള ഉത്തരവ് പ്രകാരം സി.ഡബ്ല്യു.ആർ.ഡി.എം.എക്സി. ഡയറക്ടർ ശ്രീ. ഇ. ജെ. ജെയിംസിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി കൊക്കകോള കമ്പനിയുടെ ഭൂജലത്തിന്റെ അളവും വിനിയോഗത്തെയും കുറിച്ചുള്ള പഠനം നടത്തി വരുന്നു.

(ഡി) ഇക്കാര്യം ഇപ്പോൾ ഈ വകുപ്പിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly